(ബി) പോഷകാഹാരക്കുറവുമൂലം അട്ടപ്പാടിയിൽ ഗർഭിണികൾ, കുട്ടികൾ, ആദിവാസി അമ്മമാർ, വൃദ്ധർ തുടങ്ങിയവർ ആരും മരണപ്പെട്ടിട്ടില്ല. ഗർഭസ്ഥ ശിശുക്കൾ അമ്മയുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടെ ജനിക്കുകയും തുടർന്ന് പല അസുഖങ്ങൾ ബാധിച്ച് മരണപ്പെട്ടിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അട്ടപ്പാടിയിൽ മരിച്ച ശിശുക്കളുടെ കണക്ക് ചുവടെ ചേർക്കുന്നു :

2011	-	3
2012	-	16
2013	-	31
2014	-	13

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇങ്ങനെയുള്ള അവസരങ്ങളിൽ ട്രൈബൽ വകുപ്പിനെ അറിയിക്കുകയും വേണ്ട സേവനങ്ങൾ ലഭ്യമാക്കുവാൻ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആരോഗ്യ വകുപ്പിൽനിന്നും സാദ്ധ്യമായ എല്ലാ സേവനങ്ങളും ലഭ്യമാക്കുന്നുണ്ട്.

(ഇ) കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിലുള്ള തസ്തികകളിൽ എല്ലാംതന്നെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. കൂടാതെ 15 ജീവനക്കാരെ കരാർ അടിസ്ഥാനത്തിലും എച്ച്.ഡി.സി. വഴിയും നിയമിച്ചിട്ടുണ്ട്. അഗളി സി.എച്ച്.സി.-യിൽ ഒരു ഗൈനക്കോളജിസ്റ്റിനെയും പീഡിയാട്രിഷനെയും നിയമിച്ചിട്ടുണ്ട്. അവർ ഉടൻ ജോലിയിൽ പ്രവേശിക്കുമെന്ന് അറിയിച്ചിട്ടുണ്ട്. ലഭ്യമല്ലാത്ത മരുന്നുകൾ ട്രൈബൽ വകുപ്പിന്റെ സഹായത്തോടെ ലഭ്യമാക്കുന്നുണ്ട്.

ആശുപത്രികളിലും മാനസിക കേന്ദ്രങ്ങളിലുമുള്ള മരുന്നുക്ഷാമം

92 (799) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സി.എച്ച്.സി., പി.എച്ച്.സി., ജില്ലാ ആശുപത്രികൾ എന്നിവിടങ്ങളിൽ രൂക്ഷമായ മരുന്നുക്ഷാമം ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ മാധ്യമങ്ങളിൽ വന്നിട്ടുള്ള വാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇപ്രകാരം സംഭവിക്കുവാനുണ്ടായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) മാനസികാരോഗ്യകേന്ദ്രങ്ങളിൽപ്പോലും മരുന്നു ലഭിക്കുന്നില്ലെന്നുള്ള മാധ്യമ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ; മാനസികാരോഗ്യ കേന്ദ്രങ്ങളിലുൾപ്പെടെ മരുന്നുകൾ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(സി) ഇക്കാര്യത്തിൽ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നടപ്പു സാമ്പത്തിക വർഷം മരുന്നു സംഭരണത്തിനായി 434.7 കോടി രൂപയുടെ ഇൻഡന്റ് ആരോഗ്യ വകുപ്പും ആരോഗ്യ വിദ്യാഭ്യാസ വകുപ്പും സംയുക്തമായി നൽകിയിട്ടുണ്ട്. എന്നാൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളത് 242 കോടി രൂപയാണ്. 2008 മുതൽ 2013 വരെ ഏതാണ്ട് 220 കോടി രൂപ കോർപ്പറേഷന് കുടിശ്ശിക ഇനത്തിൽ ലഭ്യമാക്കാനുണ്ട്. എന്നിരുന്നാലും ഈ സാമ്പത്തിക വർഷം ഇതുവരെ 212 കോടി രൂപയുടെ മരുന്നുകൾ കോർപ്പറേഷൻ വിതരണം ചെയ്തുകഴിഞ്ഞു. വിതരണക്കാരെ ലഭിക്കാത്ത 105 ഇനം മരുന്നുകൾക്കും, എൻ.പി.പി.എ. വിലയെക്കാൾ കൂടിയ തുക ക്വാട്ട് ചെയ്ത 5 ഇനം മരുന്നുകൾക്കും 2014 മാർച്ചിൽ ക്ഷണിച്ച ടെൻഡറിനെക്കാൾ കൂടുതൽ വില ക്വാട്ട് ചെയ്ത 15 ഇനം മരുന്നുകൾക്കും ഇതുവരെ ഓർഡറുകൾ നൽകുവാൻ സാധിച്ചിട്ടില്ല.

(സി) അടുത്ത മൂന്ന് മാസക്കാലത്തേയ്ക്കാവശ്യമായ മരുന്നുകൾക്കുള്ള ഓർഡറുകൾ നിലവിലുള്ള സ്റ്റോക്കിന്റെയും ഉപഭോഗത്തിന്റെയും അടിസ്ഥാനത്തിൽ കണക്കാക്കി 2014 ഒക്ടോബർ, നവംബർ മാസങ്ങളിൽ നൽകുകയും ചെയ്തു. ഇതിൽ ചില മരുന്നുകൾ പൂർണ്ണമായും വിതരണം നടത്തിക്കഴിഞ്ഞു. മറ്റുള്ളവ കോർപ്പറേഷൻ വെയർഹൗസുകളിൽ എത്തിക്കൊണ്ടിരിക്കുന്നു. മറ്റുള്ള മരുന്നുകൾ യഥാസമയം വിതരണം നടത്തുന്നതിനായി വിതരണക്കാരെ നിരന്തരം ബന്ധപ്പെട്ടുകൊണ്ടും ഇരിക്കുന്നു. കൂടാതെ ഈ കാലയളവിൽ ഏതെങ്കിലും അവശ്യമരുന്നിന് ക്ഷാമം നേരിട്ടാൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ ലഭ്യമല്ലാത്തവ ആശുപത്രി തലത്തിൽ തന്നെ നേരിട്ട് വാങ്ങി നൽകുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ആരോഗ്യ വകുപ്പിലെ താൽക്കാലിക വിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിക്കുന്നത്

93 (800) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താൽക്കാലികവിഭാഗം ജീവനക്കാരുടെ വേതനം വർദ്ധിപ്പിച്ച 28-10-2014-ലെ ഉത്തരവ് ആരോഗ്യവകുപ്പിലെ ജീവനക്കാർക്കുകൂടി ബാധകമാക്കാൻ നടപടി സ്വീകരിക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly